LIBRARY ARCHIVES Kerala Legislative Assembly

ആലുവ നഗരസഭ മാർക്കറ്റ് നവീകരണം

313(1059) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ നഗരസഭാ മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട 23/വി.ഐ.പി/എം(എഫ്.സി&വൈ.എ.)/2021 നമ്പർ പ്രകാരമുള്ള നിവേദനത്തിന്മേൽ 18-6-2021-ന് വകുപ്പുമന്ത്രി തുടർനടപടി സ്വീകരിക്കാൻ ഉത്തരവിട്ട വിഷയത്തിൽ തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആലുവ നഗരസഭാ മാർക്കറ്റ് സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

314(1060) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ കാലാവസ്ഥ മുന്നറിയിപ്പിനെ തുടർന്ന് മത്സ്യത്തൊഴിലാളികൾക്ക് എത്ര ദിവസമാണ് മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നത്; ട്രോളിംഗ് നിരോധനം കൂടി ഉൾപ്പെടുത്തിയാൽ ഏകദേശം എത്ര ദിവസത്തെ വിലക്കാണ് മത്സ്യബന്ധനത്തിന് പ്രസ്തുത കാലയളവിൽ ഉണ്ടായിരുന്നത്; വ്യക്തമാക്കുമോ?

കഴിഞ്ഞ മൂന്ന വർഷത്തിനിടയിൽ കാലാവസ്ഥാ മുന്നറിയിപ്പുമൂലം മത്സ്യത്തൊഴിലാളികൾക്ക് ആകെ 203 ദിവസമാണ് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്നത്. സംസ്ഥാനത്ത് 2018 മുതൽ 52 ദിവസമാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നത്. 2018 മുതൽ 2020 വരെ 3 വർഷക്കാലത്ത് ആകെ 156 ദിവസമാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിരുന്നത്. ട്രോളിംഗ് നിരോധന കാലത്ത് ട്രോൾ നെറ്റ് ഉപയോഗിക്കുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങൾക്ക് മാത്രമേ വിലക്ക് ഉണ്ടായിരുന്നുള്ളൂ.

(ബി) ഈ ദിവസങ്ങളിലെ വരുമാനനഷ്ടത്തിന് ആനുപാതികമായി ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായമോ നഷ്ടപരിഹാരമോ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?